(സി) പരിശോധനകൾ നടത്തുന്നതാണ്.

94 (529) കുനിയിൽ കടവ് പാലം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുനിയിൽ കടവ് പാലത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തുക എത്രയാണ് അംഗീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പാലത്തിന്റെ പണി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റ് തുക അംഗീകരിച്ചത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ പണി എപ്പോൾ പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിവൈസ്ഡ് എസ്റ്റിമേറ്റ് തുക അംഗീകരിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പാലത്തിന്റെ പണി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റ് തുക (ടി.എസ്) 295 ലക്ഷം രൂപയും എഗ്രിമെന്റ് പ്രകാരം അംഗീകരിച്ചത് 3,16,46,385 രൂപയുമാണ്.

(സി) ഈ പാലത്തിന്റെ പണി മാർച്ച് 2000-ൽ തീരുമെന്ന് പ്രതീക്ഷിക്കുന്നു.

95 (531) കടമപ്പുഴ പാലം പുതുക്കിപ്പണിയൽ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടമപ്പുഴ പാലം പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി സപ്ലിമെന്ററി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കടമപ്പുഴ പാലം പുതുക്കിപണിയുവാൻ 1996-ൽ ടെൻഡർ വിളിച്ചുവെങ്കിലും ബഡ്ജറ്റിൽ മതിയായ ഫണ്ട് ഇല്ലാത്തതിനാൽ ടെൻഡറിന് അനുവാദം കൊടുത്തില്ല. ഇക്കൊല്ലത്തെ സപ്ലിമെന്ററി ബഡ്ജറ്റിൽ ഈ പാലത്തിന് ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

96 (532) വാവടുക്കം പാലം പണി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാവടുക്കം പാലം പണി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly